പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3776 | 11-12-2018 ൽ മറുപടിക്ക്

## കേരള വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ: | | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 07/06/1968-ൽ ആലപ്പുഴ ആസ്ഥാനമായി ജലഗതാഗത വകുപ്പ് രൂപീകൃതമായി. കേരളത്തിലെ വെള്ളക്കെട്ടായ പ്രദേശങ്ങളിലെ സാധാരണക്കാരായ യാത്രക്കാർക്ക് യാത്രാസൗകര്യം ഒരുക്കുകയെന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഈ വകുപ്പ് പരമാവധി മെച്ചപ്പെട്ട സേവനം നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 14 സ്റ്റേഷനോഫീസുകൾ കേന്ദ്രീകരിച്ചാണ് സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസ് നടത്തി വരുന്നത്. തടി ബോട്ടുകൾ മാത്രം സർവ്വീസ് നടത്തിക്കൊണ്ടിരുന്ന സ്ഥാനത്ത് ആധുനിക സാങ്കേതിക രീതിയിലുള്ള ബോട്ടുകൾ നിർമ്മിച്ച് സർവ്വീസ് നടത്തുക എന്ന ലക്ഷ്യത്തോടെ ആധുനിക ബോട്ടുകൾ നിർമ്മിക്കുകയും, അപ്രകാരം കാലപ്പഴക്കം ചെന്ന ബോട്ടുകൾക്കു പകരം പുതിയ ബോട്ടുകൾ നിർമ്മിച്ച് 52 ഷെഡ്യൂളുകളിലായി ഏകദേശം 80,000 യാത്രക്കാർ വകുപ്പിന്റെ സർവ്വീസ് പ്രയോജനപ്പെടുത്തിവരികയും ചെയ്യുന്നു. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ഡിപ്പാർട്ടുമെന്റ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷം വൈക്കത്ത് നിന്ന് എറണാകുളത്തേയ്ക്ക് ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിച്ചു. വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും, ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാൻ ഉതകുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ 5 റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ |

| | | | |
|---|---|---|---|
| | | | ഇന്ത്യയിലെ പ്രഥമ സംരഭമായ ഒരു 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് 'ആദിത്യ' വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇതോടൊപ്പം രണ്ട് സോളാർ ബോട്ടുകളുടെയും രണ്ട് വാട്ടർ ടാക്സികളുടെയും നിർമ്മാണവും പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ ബോട്ടുകളുടെ സുരക്ഷയ്ക്കായി ബിൽജ് അലാറം, ഫയർ അലാറം എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനവും പുരോഗതിയിലാണ്. ഇതിനുപുറമേ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലെ ആവശ്യകത, രീതി എന്നിവ മനസ്സിലാക്കുന്നതിനും, കായൽ മലിനീകരണം ഒഴിവാക്കുന്നതിന് ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനും വകുപ്പിന്റെ എല്ലാ ബോട്ടുകളിലും, പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ. ഇ.ഡി. ടി. വി. സ്ഥാപിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ